# വിഷം കലർത്തിയ മാങ്ങ വിപണിയിൽ

അനിൽകുമാർ തുക്കൈപ്പെറ്റ

എടക്കര (നിലമ്പൂർ): മാരക വിഷമായ കാർബൈഡ് കലർത്തി മാങ്ങ പഴുപ്പിക്കുന്നത് വ്യാപകമാവുന്നു. സമീപ പ്രദേശങ്ങളിലുള്ള കർഷകരിൽനിന്നും വാങ്ങുന്ന മൂപ്പാകാത്ത മാങ്ങ ഇരുട്ടുള്ള മുറിയിൽ നിരത്തി അതിനു മുകളിൽ കാർബൈഡ് വെള്ളത്തിൽ കലർത്തിയ ലായിനി തളിച്ചാണ് മാങ്ങ പഴുപ്പിക്കുന്നത്. കാർബൈഡ് ലായിനി തളിച്ചാൽ മാങ്ങക്ക് ഇരുപത്തിനാല് മണിക്കൂറിനകം മഞ്ഞനിറം ലഭിക്കുന്നു. ഇതിനായുള്ള വലിയ ഗോഡൗണുകൾ ഇവിടങ്ങളിൽ സുലഭമാണ്. ഇത്തരം മാങ്ങകൾ സംസ്ഥാനത്തിന്റെ മിക്കഭാഗങ്ങളിലും എത്തുന്നതായാണ് അറിവ്. ഈ മാങ്ങകൾ കഴിക്കുന്നതുവഴി വയറിളക്കവും ഛർദ്ദിയും ഉണ്ടാകുമെന്ന് ഡോക്ടർമാർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.